പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2944

22.06.2012-ലെ മറുപടിക്ക്

## കാസർഗോഡ് മുനിസിപ്പൽ പ്രദേശത്തെ കുടിവെള്ളക്ഷാമം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) | കാസർഗോഡ് മുനിസിപ്പൽ പ്രദേശത്ത് വേനൽകാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുവഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് മുനിസിപ്പാലിറ്റി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | ബി) നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി നഗരസഭ 119 കുഴൽകിണറുകളും 52 പൊതുകിണറുകളും സംരക്ഷിച്ചു വരുന്നു. നഗരസഭാ പ്രദേശത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പ്രാദേശിക ജല സ്രോതസ്സുകൾ കണ്ടെത്തി കുഴൽ കിണർ കുഴിച്ച് മോട്ടോർ, ടാങ്ക്, പൈപ്പ്ലൈൻ എന്നിവ സ്ഥാപിച്ച് കുടിവെള്ളം വിതരണം നടത്തുന്നുണ്ട്. 8 പട്ടികജാതി കോളനികളിൽ നഗരസഭ നേരിട്ടും മറ്റുള്ള 49 കുടിവെള്ള പദ്ധതികൾ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചും പരിപാലിച്ചുവരുന്നു. ബാക്കിയുള്ള കുഴൽ കിണറുകൾ പൊതു സ്ഥാപനങ്ങളിൽ നഗരസഭ തന്നെ പരിപാലിച്ചുവരുന്നു. (സ്കൂൾ, അംഗൻവാടി, സർക്കാർ സ്ഥാപനങ്ങൾ, പ്രൈവറ്റ് ബസ് സ്റ്റാൻഡ്, ശ്മശാനം, പാർക്ക് എന്നിവിടങ്ങളിൽ) |

| | |
|---|---|
| സി) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി) യിലൂടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുന്നതിന് കാസർഗോഡ് മുനിസിപ്പാലിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | സി) 1976-ൽ കാസർകോട് നഗരസഭ എൽ.ഐ.സി. വായ്പയോടെ നഗരസഭ സ്വന്തമായി നടപ്പിലാക്കിയ (കാസർകോട് നഗരസഭാ പ്രദേശത്തിനു മാത്രം) പദ്ധതിയാണ് കാസർകോട് വാട്ടർ സപ്ലൈ സ്കീം. കാലക്രമേണ സമീപ പഞ്ചായത്തുകൾക്ക് കൂടി ശുദ്ധജലം പ്രസ്തുത പദ്ധതിയിൽ നിന്നും വിതരണം ചെയ്യാൻ തുടങ്ങി. ഇതുകാരണം നഗരസഭാ പ്രദേശത്ത് ആവശ്യമായ ശുദ്ധജലം ലഭിക്കാതെയായി. 1984-ൽ ടി പദ്ധതി കെ.ഡബ്ല്യു.എ. ഏറ്റെടുത്തു. ബാവിക്കര ജലസ്രോതസ്സ് വേനൽകാലത്ത് വറ്റി വരണ്ടുപോകുന്നു. ഇതുകാരണം പമ്പിംങ് ശരിയായ രീതിയിൽ നടക്കുന്നില്ല. കാസർകോട് നഗരസഭാ പ്രദേശത്തിനുവേണ്ടി മാത്രം കേരള വാട്ടർ അതോറിറ്റി പുതിയ ജലസ്രോതസ്സ് കണ്ടെത്തി വിശദമായ പദ്ധതി സമർപ്പിക്കാത്തതിനാൽ ഇതുവരെ യു.ഐ.ഡി.എസ്.എസ്. എം.ടി.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല. വിശദമായ പദ്ധതി കാസർകോട് നഗരസഭാ പ്രദേശത്തിനുമാത്രം സമർപ്പിക്കുന്ന മുറയ്ക്ക് നഗരസഭ കേന്ദ്ര സഹായം തേടുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ